# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാംസമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *257 — 21.6.2012 ൽ മറുപടിക്ക്

### പ്ലാസ്റ്റിക് മിശ്രിത റോഡുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ:<br>ശ്രീ പി.സി. ജോർജ്:<br>ഡോ. എൻ.ജയരാജ്:<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ: | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പ്ലാസ്റ്റിക് മിശ്രിത റോഡുകൾ നിർമ്മിക്കുന്നതിന് കേന്ദ്ര ഉപരിതല മന്ത്രാലയത്തിന്റ അംഗീകാരം ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ;<br>(ബി) കേന്ദ്ര ഉപരിതല മന്ത്രാലയത്തി ലേക്ക് ഇതു സംബന്ധിച്ച പ്രൊപ്പോസൽ എന്നാണ് അയച്ചത്; | (എ)&(ബി) കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ (മോർത്ത്) ഡാറ്റായിൽ പ്ലാസ്റ്റിക് ഉപയോഗപ്പെടുത്തി ടാറിംഗ് ചെയ്യുന്ന സ്പെസിഫിക്കേഷൻ ഉൾപ്പെട്ടി - ട്ടില്ലാത്തതിനാൽ സംസ്ഥാനത്ത് പ്ലാസ്റ്റിക് മിശ്രിത റോഡുകൾ നിർമ്മിക്കുന്നതിന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ നിന്നും പ്രൊപ്പോസലുകളൊന്നും സമർപ്പിച്ചിട്ടില്ല. |
| (സി) പ്ലാസ്റ്റിക് മിശ്രണം ചെയ്ത ബിറ്റുമിൻ ഉപയോഗിച്ച് പഞ്ചായത്തു റോഡുകളുടെ നിർമ്മാണം നടത്താൻ നടപടി സ്വികരിക്കുമോ;<br>(ഡി) മഴ പെയ്താൽ വെള്ളം ഒലിച്ചു പോകാൻ സാധ്യത കുറവുള്ള പഞ്ചായത്തു റോഡുകളിൽ പ്ലാസ്റ്റിക് മിശ്രണം ചെയ്ത ബിറ്റുമിൻ ഉപയോഗിച്ചുള്ള റോഡു നിർമ്മാണം ഫലപ്രദമാകുമെന്ന് കരുതുന്നുണ്ടോ; വിശദാംശം നല്കുമോ ? | (സി) & (ഡി) പഞ്ചായത്ത് റോഡുകളിൽ പ്ലാസ്റ്റിക് മിശ്രണം ചെയ്ത ബിറ്റുമിൻ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടില്ല. എന്നാൽ കോഴിക്കോട് കോർപ്പറേഷൻ, തലശ്ശേരി മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ ഓരോ റോഡുകളും, തിരുവനന്തപുരം ജില്ലയിൽ ചാവടിമുക്ക് - പുല്ലാന്നിവിള റോഡ്, മേനംകുളം-തുമ്പ |

റോഡ്, എറണാകുളം ജില്ലയിൽ ജി.ഐ.ഡി.എ റോഡ് എന്നീ റോഡു - കളിലും പരീക്ഷണാടിസ്ഥാനത്തിൽ നാട്പാക്ക്, പ്ലാസ്റ്റിക് മിശ്രണം ചെയ്ത ബിറ്റുമിൻ ഉപയോഗിച്ചുകൊണ്ടുള്ള നിർമ്മാണപ്രവൃത്തികൾ നടപ്പിലാക്കി- യിട്ടുണ്ട്. ആയതിന്റെ കാര്യക്ഷമതയെ സംബന്ധിച്ച് പരീക്ഷണങ്ങളും ഗവേഷണ- ങ്ങളും നടന്നു വരുന്നതേയുള്ളൂ.

സെക്ഷൻ ഓഫീസർ